**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 648** **09-06-2021 - ൽ മറുപടിയ്ക്ക്**

**ആവോലിച്ചാൽ വല്ലാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ കുടിവെള്ള ക്ഷാമവും വരൾച്ചയും പരിഹരിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള ആവോലിച്ചാൽ വല്ലാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 10.70 കോടി രൂപയുടെ ഡി.പി.ആർ ഭരണാനുമതിയ്ക്കായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക 10 കോടിയ്ക്ക് മുകളിൽ വരുന്നതിനാൽ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയ്ക്കായി പ്രൊപ്പോസൽ പുന:സമർപ്പിക്കുവാൻ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് നിർദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സിവിൽ, മെക്കാനിക്കൽ വിഭാഗങ്ങൾ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പ്രസ്തുത എസ്റ്റിമേറ്റുകൾ എത്ര തുകയുടേതാണെന്നും ഏതെല്ലാം പ്രവൃത്തികളാണ് ഈ എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ; | (സി) | പമ്പ് ഹൗസിന്റെ നിർമ്മാണം, പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികൾ, ചെക്ക് ഡാമിന്റെ പുനരുദ്ധാരണം തുടങ്ങിയ സിവിൽ പ്രവൃത്തികൾക്കായി 3.86 കോടി രൂപയും, മോട്ടോർ പമ്പ് സെറ്റുകൾ സ്ഥാപിക്കുന്ന മെക്കാനിക്കൽ പ്രവൃത്തികൾക്കായി 4.65 കോടി രൂപയും, ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി 1.04 കോടി രൂപയും ഇവയുടെ ജി.എസ്.റ്റി യും ഉൾപ്പെടെ മൊത്തം 10.70 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്. |
| (ഡി) | പ്രസ്തുത എസ്റ്റിമേറ്റുകളിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ; | (ഡി) | ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയ്ക്കായി പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | പ്രസ്തുത പ്രവൃത്തി എത്രയും വേഗം നടപ്പിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (ഇ) | ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയ്ക്കായി പ്രൊപ്പോസൽ |

| | | | |
|---|---|---|---|
| | | | ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ